# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1104 29/9/2011 ൽ മറുപടിക്ക്

**സംസ്ഥാന റോഡുകൾക്ക് എ.ഡി.ബി. വായ്പാ സഹായം ലഭിക്കാനുള്ള വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കാൻ എ.ഡി.ബി. സഹായം നേടാൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ അന്താരാഷ്ട്രനിലവാരത്തിൽ നിർമ്മിക്കാനുള്ള ഒരു സമഗ്ര പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന് ഏകദേശം 5100 കോടി രൂപ മുതൽ മുടക്ക് വരും. ഇതിൻെറ ഭൂമി ഏറ്റെടുക്കലിന് 1000 കോടി രൂപ സംസ്ഥാന സർക്കാർ നൽകേണ്ടിവരും. ബാക്കി തുക എ.ഡി.ബി. ധനസഹായം, ഇൻഫ്രാ സ്ട്രക്ചർ ബോണ്ട്, പബ്ലിക്-പ്രൈവറ്റ് പാർട്ടനർഷിപ്പ് എന്നിവയിലൂടെ സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ ഏകദേശം 2000 കോടി രൂപ എ.ഡി.ബി.യിൽ നിന്ന് ദീർഘകാലവായ്പ നേടുവാൻ ആലോചിക്കുന്നു. ഇതിനുള്ള പ്രാരംഭനടപടിയായി ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്രധനമന്ത്രാലയത്തിൻെറ സാമ്പത്തിക കാര്യാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കാനുദ്ദേശമുണ്ടോ ; ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ ഉദ്ദേശമുണ്ട്. ആയതിലേക്ക് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതി തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ ; പ്രോജക്ട് റിപ്പോർട്ട് എന്നത്തേക്ക് തയ്യാറാകും ; | (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ കണ്ടെത്തുന്നതിന് വേണ്ടി കേന്ദ്രഉപരിതലമന്ത്രാലയത്തിൻെറ പാനലിൽ ഉൾപ്പെട്ട ബാംഗ്ലൂർ ആസ്ഥാനമായുള്ള കൺസൾട്ടൻസിയായ 'വിൽബർസ്മിത്' അസോസിയേറ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | റോഡ് ഫണ്ട് ബോർഡിൻെറ സാങ്കേതിക അവലോകന സമിതി ഇക്കാര്യം പരിഗണിക്കുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | സാങ്കേതിക അവലോകന സമിതി വിശദമായ പരിശോധനയ്ക്ക് ശേഷമാണ് കൺസൾട്ടൻറിനെ തിരഞ്ഞെടുത്തത്. |
| (ഇ) | എ.ഡി.ബി. സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ; പലിശ എത്ര ശതമാനമാണ് ; എത്ര കാലയളവിനുള്ളിൽ തിരിച്ചടക്കേണ്ടതുണ്ട് ? | (ഇ) | എ.ഡി.ബി. ധനസഹായത്തെപ്പറ്റി ഇതുവരെ ചർച്ച നടത്തിയിട്ടില്ല. |

(signature) രമേശ് ചെന്നിത്തല